കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ അയോഗ്യത സംബന്ധിച്ച വിഷയം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യുന്നത് - ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

ജി.ഒ.(ആർ.റ്റി) നം. 878/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 24/03/2012.

==========================================================================

പരാമർശം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 31/10/11 -ലെ 5835/എച്ച്/2011/സം.തി.ക നമ്പർ കത്ത്.

**ഉത്തരവ്**

കേരളാ പഞ്ചായത്ത് രാജ്/മുൻസിപ്പാലിറ്റി നിയമങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട അധികാരികളുടെ അയോഗ്യത സംബന്ധിച്ച് വിശദീകരിക്കുന്നതിൽ, പഞ്ചായത്ത് നിയമം 34(1)ബി(iii)/മുൻസിപ്പാലിറ്റി നിയമം 90(1) ബി (iii) വകുപ്പുകൾ പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കുറ്റക്കാരാണെന്ന് വിധിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏതൊരു അംഗത്തിന്റെയും അയോഗ്യത കൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ബന്ധപ്പെട്ട നിയമങ്ങളിലെ യഥാക്രമം 36 (1), 92(1) വകുപ്പുകളിലെ ക്ലിപ്തനിബന്ധന പ്രകാരം അയോഗ്യത സംബന്ധിച്ച വിഷയം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിയോ, ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ മുഖേനയാകാം എന്ന് വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത ക്ലിപ്ത നിബന്ധനപ്രകാരം സർക്കാർ ഇതിലേക്കായി ആരേയും ചുമതലപ്പെടുത്തിയിട്ടില്ല എന്നും, ഇത്തരത്തിൽ അയോഗ്യത സംബന്ധിച്ച വിഷയമുണ്ടാകുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭാസെക്രട്ടറിമാർ, വിഷയം യഥാസമയം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യുന്നതിൽ ഉദാസീനത കാട്ടുന്നത് മുഖേന, അധികാര ദുർവ്വിനിയോഗം നടത്തുന്ന അധികാരികൾ ഭരണത്തിൽ തുടരുന്ന സാഹചര്യം സൃഷ്ടിക്കുവാനിടയാകുമെന്നും പരാമർശം പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചൂണ്ടിക്കാട്ടിയിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട അധികാരികളുടെ അയോഗ്യത സംബന്ധിച്ച വിഷയം സംസ്ഥാന

തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യുന്നതിനായി കേരളാ പഞ്ചായത്ത് രാജ് നിയമം 36(1), കേരള മുൻസിപ്പാലിറ്റി നിയമം 92(1) വകുപ്പുകൾക്ക് കീഴിലുള്ള ക്ലിപ്ത നിബന്ധനപ്രകാരം യഥാക്രമം പഞ്ചായത്ത് ഡയറക്ടറേയും നഗരകാര്യ ഡയറക്ടറേയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ മേൽപ്പറഞ്ഞ ചുമതല യഥാവിധി നിർവ്വഹിക്കുന്നതിന് ഡയറക്ടർമാർ ബന്ധപ്പെട്ട സെക്രട്ടറിമാരിൽ നിന്നും, മറ്റ് കീഴ്ഉദ്യോഗസ്ഥരിൽ നിന്നും കാലാകാലങ്ങളിൽ റിപ്പോർട്ടുകൾ ലഭ്യമാക്കി പരിശോധിക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേയ്ക്ക്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ